പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 193

# 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

published on 25/05/19

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 193

# 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

423/2019.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 193

# 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2019 മാർച്ച് 2-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 219എ വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 219എ വകുപ്പിൽ, (4)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, (4)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി സർക്കാരിന്, പ്രസ്തുത ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കൈവശത്തിലുള്ളതുമായ ഏതെങ്കിലും ഭൂമി, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ഒരു വിജ്ഞാപനം വഴി, ഏറ്റെടുക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.".

423/2019.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് (2019-ലെ 19) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അപ്രകാരം റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 219എ വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്തിന് കരാറടിസ്ഥാനത്തിൽ, പൊതുസ്ഥലത്തു നിന്നോ സ്വകാര്യപരിസരങ്ങളിൽ നിന്നോ ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനും കൈയൊഴിയുന്നതിനും ഭാഗികമായോ മുഴുവനായോ ഏർപ്പാടു ചെയ്യാവുന്നതാണ്. പ്രസ്തുത വകുപ്പിന്റെ (4)-ാം ഉപവകുപ്പ് പ്രകാരം, ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തു തന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, പൊതുതാൽപ്പര്യാർത്ഥം, അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം, ഖരമാലിന്യങ്ങളും ചവറും മാലിന്യങ്ങളും അപ്രകാരമുള്ള മറ്റ് വസ്തുക്കളും രണ്ടോ അതിലധികമോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നേരിട്ടോ സർക്കാർ അധികാരപ്പെടുത്തിയ ഏജൻസി മുഖേനയോ ശേഖരിക്കുകയും കൊണ്ടുപോകുകയും കൈയൊഴിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിന് കരാർ അടിസ്ഥാനത്തിലോ മറ്റ് വിധത്തിലോ ക്രമീകരണങ്ങൾ ചെയ്യാവുന്നതും അല്ലെങ്കിൽ ഖരമാലിന്യങ്ങളും ചവറും മാലിന്യങ്ങളും അപ്രകാരമുള്ള മറ്റ് വസ്തുക്കളും ശേഖരിക്കുകയും കൊണ്ടുപോകുകയും കൈയൊഴിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിന് ഗണ്യമായ ചെലവ് വരുന്ന ഏതെങ്കിലും പദ്ധതി ഏറ്റെടുക്കുകയും ചെയ്യാവുന്നതാണ്.

മേൽ പ്രസ്താവിച്ച പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേക്കായി ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ഭൂമി ആവശ്യമായിട്ടുണ്ട്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ, മേൽ പ്രസ്താവിച്ച പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കൈവശത്തിലുള്ളതുമായ ഭൂമി ഗസറ്റ് വിജ്ഞാപനം വഴി ഏറ്റെടുക്കുവാൻ സർക്കാരിന് അധികാരം നൽകുന്ന വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് 2019 മാർച്ച് 2-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും, ആയത് 2019-ലെ 19-ാം നമ്പർ ഓർഡിനൻസായി 2019 മാർച്ച് 2-ാം തീയതിയിലെ 553-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

2019-ലെ 19-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡപ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 219എ വകുപ്പിന്റെ (5)-ാം ഉപവകുപ്പ്, ഖരമാലിന്യങ്ങളും ചവറും മാലിന്യങ്ങളും അപ്രകാരമുള്ള മറ്റ് വസ്തുക്കളും നേരിട്ടോ സർക്കാർ അധികാരപ്പെടുത്തിയ ഏജൻസി മുഖേനയോ, ശേഖരിക്കുകയും കൊണ്ടുപോകുകയും, കൈയൊഴിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിനാവശ്യമായ, (4)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയ പ്രകാരമുള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കൈവശത്തിലുള്ളതുമായ ഏതെങ്കിലും ഭൂമി, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ഒരു വിജ്ഞാപനം വഴി ഏറ്റെടുക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനം പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ, അപ്രകാരമുള്ള വിജ്ഞാപനം, അവ പുറപ്പെടുവിച്ചതിനുശേഷം നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

എ. സി. മൊയ്തീൻ.

# 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ (1994-ലെ 13) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

219എ. ചവറും ഖരാവസ്ഥയിലുള്ള വർജ്ജ്യ വസ്തുക്കളും മാലിന്യവും നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് ഏർപ്പാടു ചെയ്യണമെന്ന്.—(1) ഓരോ ഗ്രാമപഞ്ചായത്തും,—

(എ) പതിവായി തെരുവുകൾ തൂത്തുവാരുന്നതിനും വൃത്തിയാക്കുന്നതിനും, അവിടെ നിന്നും ചവറ് നീക്കം ചെയ്യുന്നതിനും;

(ബി) സ്വകാര്യ പരിസരങ്ങളിൽ നിന്നും മാലിന്യങ്ങളും മൃഗശവങ്ങളും ദിവസേന നീക്കം ചെയ്യുന്നതിനും;

(സി) പോലീസിന്റെ അറിവോടുകൂടി അനാഥപ്രേതങ്ങൾ നീക്കം ചെയ്ത് സംസ്കരിക്കുന്നതിനും;

(ഡി) ഖരാവസ്ഥയിലുള്ള വർജ്ജ്യവസ്തുക്കൾ നീക്കം ചെയ്യുന്നതിനും;

(ഇ) കുപ്പത്തൊട്ടിയിലും സ്വകാര്യ പരിസരങ്ങളിലും നിന്ന് ചവറ് ദിവസേന നീക്കം ചെയ്യുന്നതിനും മതിയായ ഏർപ്പാടുകൾ ചെയ്യേണ്ടതും, ഈ ഉദ്ദേശ്യത്തോടുകൂടി അത്—

(i) മാലിന്യവും ചവറും മൃഗശവങ്ങളും ഇടുന്നതിനുള്ള ഡിപ്പോകളും സംഭരണികളും സ്ഥലങ്ങളും;

(ii) മാലിന്യം നീക്കം ചെയ്യുന്നതിനുവേണ്ടിയുള്ള മൂടിയ വാഹനങ്ങളും പാത്രങ്ങളും;

(iii) ചത്തുപോയ വലിയമൃഗങ്ങളേയും ചവറും നീക്കം ചെയ്യുന്നതിനു വേണ്ടി വാഹനങ്ങളും അല്ലെങ്കിൽ പറ്റിയ മറ്റുമാർഗ്ഗങ്ങളും;

(iv) ഗാർഹിക ചവർ, പൊടി, ചാരം, എച്ചിലുകൾ, അസഹ്യത യുണ്ടാക്കുന്ന വസ്തുക്കൾ, വ്യാവസായിക അവശിഷ്ടങ്ങൾ, സ്ഥാപനങ്ങളിൽ നിന്നുള്ള അവശിഷ്ടങ്ങൾ, മൃഗശവങ്ങൾ എന്നിവ താൽക്കാലികമായി ഇടുന്നതിനുള്ള ചവറ്റുകുട്ടകളും സംഭരണികളും സ്ഥലങ്ങളും ഏർപ്പെടുത്തി വയ്ക്കേണ്ടതുമാകുന്നു.

** ** ** **

(3) ഗ്രാമ പഞ്ചായത്തിന് കരാറടിസ്ഥാനത്തിൽ പൊതു സ്ഥലത്തു നിന്നോ സ്വകാര്യ പരിസരങ്ങളിൽ നിന്നോ ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതും കൈയൊഴിയുന്നതും ഭാഗികമായോ മുഴുവനായോ ഏർപ്പാടുചെയ്യാവുന്നതാണ്.

** ** ** **

(4) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, പൊതു താൽപര്യാർത്ഥം, അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് ബോധ്യപ്പെടുന്നപക്ഷം, ഖരമാലിന്യങ്ങളും ചവറും മാലിന്യങ്ങളും അപ്രകാരമുള്ള മറ്റു വസ്തുക്കളും രണ്ടോ അതിലധികമോ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും നേരിട്ടോ സർക്കാർ അധികാരപ്പെടുത്തിയ ഏജൻസി മുഖേനയോ ശേഖരിക്കുകയും കൊണ്ടുപോകുകയും കൈയൊഴിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിന് കരാർ അടിസ്ഥാനത്തിലോ മറ്റു വിധത്തിലോ ക്രമീകരണങ്ങൾ ചെയ്യാവുന്നതും അല്ലെങ്കിൽ ഖര മാലിന്യങ്ങളും ചവറും മാലിന്യങ്ങളും അപ്രകാരമുള്ള മറ്റ് വസ്തുക്കളും ശേഖരിക്കുകയും കൊണ്ടുപോകുകയും കൈയൊഴിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിന് ഗണ്യമായ ചെലവുവരുന്ന ഏതെങ്കിലും പദ്ധതി ഏറ്റെടുക്കുകയും ചെയ്യാവുന്നതാണ്.

** ** ** **